**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6663 | 12.07.2012-ൽ മറുപടിക്ക്

**<u>നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. കെ.രാജു :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)** |
| (എ) നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ മേഖലയിലൂടെ സബ്സിഡി വിപണന കേന്ദ്രങ്ങൾ നടത്തി അവയിലൂടെ വിവിധ ഇനത്തിൽപ്പെടുന്ന അവശ്യ നിത്യോപയോഗസാധനങ്ങൾ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നു. കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും, പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും, സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകളിലൂടെയും ആവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | അത്തരം നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ത്രിവേണി സ്റ്റോറുകളും, മൊബൈൽ ത്രിവേണികളും, ഒഴുകുന്ന ത്രിവേണികളും ആരംഭിച്ച് കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി ശൃംഖല ശക്തമാക്കി, അവയിലൂടെ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഫെഡറേഷൻ നേരിട്ടു നടത്തുന്ന നന്മ സ്റ്റോറുകളിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ ശരാശരി 20% വരെ വിലക്കുറവിലും, കോസ് മെറ്റിക്സ്, സ്റ്റേഷനറി ഉൾപ്പെടെ മറ്റ് 350-ലധികം നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിലും ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**